**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്-നഗരസഭകളിലെ മാലിന്യ സംസ്കരണം / കെട്ടിട നിർമ്മാണ അനുമതി നൽകൽ-സർക്കാർ നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് പ്രത്യേക ഓഡിറ്റ് - നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എബി) വകുപ്പ്**

സ.ഉ.(സാധാ) നം.1898/2018 /തസ്വഭവ തിരുവനന്തപുരം, തീയതി 10/07/2018

---

പരാമർശം:- 1. 16/12/2013 ലെ 73596/ ആർഎ 1/2013/ തസ്വഭവ നം. സർക്കുലർ.
2. 22/07/2017- ലെ സ.ഉ (ആർ.ടി)നം. 2511/2017/ തസ്വഭവ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

പാരമർശത്തിലെ സർക്കുലറും സർക്കാർ ഉത്തരവും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നിർമ്മാണ അപേക്ഷകളിൽ സമയബന്ധിതമായി നടപടി പൂർത്തീകരിക്കുന്നതിനും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും ഇവയുമായി ബന്ധപ്പെട്ട പുരോഗതി റിപ്പോർട്ട് പ്രതിവാര/പ്രതിമാസ ക്രമത്തിൽ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഈ നിർദ്ദേശങ്ങൾ യഥാവിധം പാലിക്കപ്പെടുന്നുണ്ടോ എന്നത് ഉറപ്പുവരുത്താനുള്ള നടപടികളുടെ ആദ്യഘട്ടമായി സംസ്ഥാനത്തെ ആറ് മുനിസിപ്പൽ കോർപ്പറേഷനുകളിലും മേഖലാ പെർഫോമൻസ് ഓഡിറ്റ് വിഭാഗം മുഖാന്തിരം പ്രത്യേക ഓഡിറ്റ് നടത്തുവാൻ ഉദ്ദേശിക്കുന്നു.

2) കൊല്ലം,കൊച്ചി,കോഴിക്കോട് മേഖലാ പെർഫോമൻസ് ഓഡിറ്റ് വിഭാഗങ്ങൾ താഴെപറയുന്ന ക്രമത്തിൽ മുനിസിപ്പൽകോർപ്പറേഷനുകളിൽ ഓഡിറ്റ് പൂർത്തിയാക്കി 25/07/2018 ന് സമാഹൃത റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. ഒരു കോർപ്പറേഷനിലെ ഓഡിറ്റ് പരമാവധി അഞ്ച് പ്രവർത്തി ദിവസം കൊണ്ട് പൂർത്തീകരിക്കേണ്ടതാണ്. മേഖലാ പെർഫോമൻസ് ഓഡിറ്റ് ടീമുകൾ ഇപ്പോൾ ഷെഡ്യൂൾ ചെയ്തിരിക്കുന്ന എല്ലാ ഓഡിറ്റ് /ഓഡിറ്റ് അനുബന്ധ പ്രവർത്തനങ്ങളും മാറ്റിവെച്ച് സ്പെഷൽ ഓഡിറ്റ് പൂർത്തിയാക്കേണ്ടതാണ്.

| **പെർഫോമൻസ് ഓഡിറ്റ് മേഖല** | **ഓഡിറ്റ് നടത്തേണ്ട കോർപ്പറേഷനുകൾ** |
|---|---|
| കൊല്ലം | കൊച്ചി ,തൃശ്ശൂർ |
| കൊച്ചി | കോഴിക്കോട്, കണ്ണൂർ |
| കോഴിക്കോട് | തിരുവനന്തപുരം, കൊല്ലം |

3) കോർപ്പറേഷൻ സെക്രട്ടറിമാർ ഓഡിറ്റിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതും, ഓഡിറ്റ് വിഷയവുമായി ബന്ധപ്പെട്ട രേഖകൾ/ഫയലുകൾ എന്നിവ ഓഡിറ്റിന്

Scanned by CamScanner

ലഭ്യമാക്കേണ്ടതും ഓഡിറ്റുമായി സഹകരിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ എബ്രഹാം**
**ഗവണ്മെന്റ് അഡിഷണൽ സെക്രട്ടറി**

മേഖലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം/ കൊച്ചി/ കോഴിക്കോട്
നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം
സെക്രട്ടറി, കൊല്ലം, തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് , കണ്ണൂർ
കോർപ്പറേഷനുകൾ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ് ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പൊതുഭരണ (ബജറ്റ് വിങ് ) വകുപ്പ്,
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

Scanned by CamScanner